## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1576 — 21.3.2012-ൽ മറുപടിയ്ക്ക്

### തെങ്ങുകൃഷിവികസനം

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ: | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| സംസ്ഥാനത്ത് തെങ്ങുകൃഷി വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | കേരളത്തിലെ നാളികേര കൃഷിയുടെ വികസനത്തിനായി 2011-12 വർഷം കേരശ്രീ പദ്ധതി എറണാകുളം, പാലക്കാട്, മലപ്പുറം , കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കി വരുന്നു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നാളികേര വികസനത്തിനായി കഴിഞ്ഞ വർഷം രൂപീകരിച്ച 10 ക്ലസ്റ്ററുകളിലായി 250 ഹെക്ടറിൽ പ്രദർശനത്തോട്ടത്തിന്റെ രണ്ടാം വർഷ പരിചരണങ്ങൾ പുരോഗമിക്കുന്നു.<br>കുട്ടനാട് പാക്കേജ് പദ്ധതി പ്രദേശങ്ങൾ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ പദ്ധതി പ്രദേശത്ത് കഴിഞ്ഞ വർഷം രൂപീകരിച്ച 75 ക്ലസ്റ്ററുകളിലെ 1875 ഹെക്ടർ |

സ്ഥലത്തെ പ്രദർശനത്തോട്ടങ്ങളുടെ 2-ാം വർഷ പരിചരണങ്ങൾ പൂർത്തീകരിച്ചു വരുന്നു. സംസ്ഥാന കൃഷി വകുപ്പിലൂടെ നടപ്പാക്കുന്ന നാളികേര വികസന ബോർഡിന്റെ പദ്ധതിയാണ് തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ, കൂടാതെ തെങ്ങുകൃഷി പുനരുദ്ധാരണം എന്ന പദ്ധതിയും നടപ്പിലാക്കുന്നു.

Snshams

**സെക്ഷൻ ഓഫീസർ**